# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4788 | | 26.06.2019-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| പുനരുപയോഗ സാധ്യതയില്ലാത്ത പ്ലാസ്റ്റിക് ഉത്പന്നങ്ങളുടെ നിരോധനം | | | |
| ചോദ്യം | | ഉത്തരം | |
| ശ്രീ.പി.കെ.ബഷീർ | | എ.സി.മൊയ്തീൻ<br>തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി | |
| (എ) | സംസ്ഥാനത്ത് പുനരുപയോഗ സാധ്യതയില്ലാത്ത പ്ലാസ്റ്റിക് ഉപയോഗം വർദ്ധിക്കുന്നതും ആയത് പ്രകൃതിക്ക് ദോഷകരമായി ഭവിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കുമോ; | (എ) | പുനരുപയോഗ സാധ്യതയില്ലാത്ത പ്ലാസ്റ്റിക്കുകളുടെ ഉപയോഗം മൂലം പ്രകൃതിക്ക് സ്വാഭാവികമായുണ്ടാകുന്ന ദോഷങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പുനരുപയോഗ സാധ്യതയില്ലാത്ത പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിച്ച്, തരംതിരിവിനു ശേഷം നഗരസഭ/ബ്ലോക്ക് പഞ്ചായത്ത് അടിസ്ഥാനത്തിൽ സ്ഥാപിക്കുന്ന റിസോഴ്സ് റിക്കവറി ഫെസിലിറ്റിയിൽ (ആർ.ആർ.എഫ്.) എത്തിച്ച് ഷ്രെഡ് ചെയ്ത് പുനഃചംക്രമണത്തിനു വിധേയമാക്കുവാനുള്ള നടപടികളാണ് സ്വീകരിച്ചു വരുന്നത്. |
| (ബി) | സംസ്ഥാനത്തെ ഫ്ലക്സ് ഉപയോഗം കുറയ്ക്കുന്നതിനും അതുമൂലം പ്രകൃതിക്കുണ്ടാകുന്ന മലിനീകരണം തടയുന്നതിനുമായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ; | (ബി) | 06.11.2014-ലെ സ.ഉ.(കൈ)നം.195/2014/ത.സ്വ.ഭ.വ. നമ്പർ പ്രകാരം പുനരുപയോഗിക്കുവാൻ സാധിക്കാത്തതും ആരോഗ്യ-പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാക്കുന്നതുമായ പി.വി.സി. നിർമ്മിത ഫ്ളക്സുകളുടെ ഉപയോഗത്തിന് സംസ്ഥാനത്ത് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്ത് ഫ്ളക്സ് ബോർഡുകൾക്കും ബാനറുകൾക്കും പകരം റീസൈക്കിൾ ചെയ്യാവുന്നതും പി.വി.സി. രഹിതവുമായ പോളി എത്തിലിൻ നിർമ്മിത വസ്തുക്കളോ അതേ പോലെയുള്ള മറ്റ് വസ്തുക്കളോ ഉപയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കാർ പരിപാടികളുടെ പരസ്യത്തിനായി ഫ്ളക്സ് ബോർഡുകളുടെ ഉപയോഗം പൂർണമായും ഒഴിവാക്കുന്നതിന് നിർദ്ദേശം നൽകി ചീഫ് സെക്രട്ടറി 14/02/2018 തീയതിയിൽ സി.2/274/2017/ഐ & പി.ആർ.ഡി. നമ്പർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | സംസ്ഥാനത്ത് എത്ര മൈക്രോണിൽ താഴെ വരെയുള്ള പ്ലാസ്റ്റിക് ഉല്പന്നങ്ങളാണ് നിരോധിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ, എങ്കിൽ നിരോധിത പ്ലാസ്റ്റിക് ഉല്പന്നങ്ങൾ വിറ്റതിന്റെ പേരിൽ സംസ്ഥാനത്തെ എത്ര സ്ഥാപനങ്ങൾ/വ്യക്തികൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്; ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ; | (സി) | സംസ്ഥാനത്ത് 50 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക് ക്യാരിബാഗുകൾക്കാണ് നിരോധനം ഏർപ്പെടുത്തിയിട്ടുള്ളത്. നിരോധിത പ്ലാസ്റ്റിക് ക്യാരി ബാഗുകൾ വില്ക്കുന്നവർക്കെതിരെ നടപടികൾ സ്വീകരിക്കേണ്ടത് അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്. സംസ്ഥാനത്ത് നിരോധിത പ്ലാസ്റ്റിക് ഉല്പന്നങ്ങൾ വിറ്റതിന്റെ പേരിൽ സ്ഥാപനങ്ങൾ/വ്യക്തികൾക്കെതിരെ നടപടി സ്വീകരിച്ചത് സംബന്ധിച്ച വിവരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ശേഖരിച്ച് ലഭ്യമാക്കുന്നതാണ് |

| | | | |
|---|---|---|---|
| (ഡി) | മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വരുന്നവ ഉൾപ്പെടെ പുനരുപയോഗ സാധ്യതയില്ലാത്ത പ്ലാസ്റ്റിക് സംസ്ഥാനത്ത് പൂർണ്ണമായും നിരോധിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) | 12.12.2018- ലെ G.O(Rt)No.134/2018/Envt നമ്പർ ഉത്തരവ് പ്രകാരം പരിസ്ഥിതി വകുപ്പ് ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. Single use Plastics നിരോധിക്കുന്നതുമായി ബന്ധപ്പെട്ട് പ്രസ്തുത കമ്മിറ്റി പരിസ്ഥിതി വകുപ്പിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ